അഴിമതി അവസാനിപ്പിക്കാം. ഇത്തരത്തിലുള്ള വാളയാർ പരീക്ഷണം ചീഫ് എൻജിനീയർമാരുടെ ഓഫീസിലും നടപ്പാക്കാൻ പറ്റുമോയെന്ന് നോക്കാം.

വിഷൻ 2010-ന്റെ പ്രവർത്തന പുരോഗതി

2 (*602) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു വർഷം ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം പ്രത്യേക പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന വിഷൻ 2010-ന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് റോഡുകളും പാലങ്ങളും കെട്ടിടങ്ങളും വിഭാഗങ്ങളിലായി ചെയ്യുന്നത് ;

(സി) വിവിധ മണ്ഡലങ്ങളിലായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) വിഷൻ 2010 പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും അനുവദിക്കപ്പെട്ട നിരത്തുവിഭാഗത്തിലേയും കെട്ടിട വിഭാഗത്തിലേയും മിക്കവാറും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള ജല അതോറിറ്റിയുടെ കീഴിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ പണി പുരോഗമിച്ചുവരുന്നു.

(ബി & സി) വിഷൻ 2010 പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വിവിധ മണ്ഡലങ്ങളിലായി ആകെ ഭരണാനുമതി നൽകിയ 322.39 കോടി രൂപയുടെ പ്രവർത്തികളിൽ 2007-08 സാമ്പത്തിക വർഷത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 124.88 കോടി രൂപയുടെയും കെട്ടിട വിഭാഗത്തിൽ 14.85 കോടി രൂപയുടേയും പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2008-09 വർഷത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 158.20 കോടി രൂപയുടേയും കെട്ടിടവിഭാഗത്തിൽ 24.45 കോടി രൂപയുടേയും

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ 3 പ്രവർത്തികൾക്ക് G.O(Rt.)No. 775/2010/WRD dtd. 5-7-2010 പ്രകാരം ആകെ 1.062 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിഷൻ 2010 സ്കീം പ്രകാരം കേരള ജല അതോറിറ്റി സമർപ്പിച്ച കുടിവെള്ളപദ്ധതികളിൽ താഴെപ്പറയുന്ന 3 പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്

(1) കണ്ണൂർ ജില്ലയിലെ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അമ്പഴത്തുംചാൽ കുടിവെള്ള പദ്ധതി-15 ലക്ഷം രൂപ (പദ്ധതിയുടെ ടെൻഡർ തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.)

(2) തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ നിയോജകമണ്ഡലത്തിലെ കാനറ പോർഷൻ കുടിവെള്ള പദ്ധതി -98 ലക്ഷം രൂപ (ഈ പദ്ധതി കേരള ജല അതോറിറ്റി നടപ്പാക്കുന്ന ത്വരിത ഗ്രാമീണ പദ്ധതിയിൽപ്പെടുത്തിയാണ് അംഗീകാരം നൽകിയത്. പണി പുരോഗമിച്ചു വരുന്നു.)

(3) ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം നിയോജകമണ്ഡലത്തിലെ ആര്യനാട്- മണ്ണഞ്ചേരി കുടിവെള്ളപദ്ധതി -119.4 ലക്ഷം രൂപ (ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെ "അദർ റൂറൽ വാട്ടർസപ്ലൈ സ്കീം" വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം നൽകിയിട്ടുള്ളത്).

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് നല്ല ധാരണയോടുകൂടിയാണ് അങ്ങ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ ചില വികസന പ്രവർത്തനങ്ങളിൽ ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് തടസ്സപ്പെട്ട് നിൽക്കുന്നുണ്ട്. അങ്ങനെയുള്ള ഒരു ദുരവ്യോഗം വിഷൻ 2010-ന് സംഭവിക്കരുത്. അപ്പോൾ അതിനാവശ്യമെന്താണെന്നുചോദിച്ചാൽ എ.എസ്., ടി.എസ്, ടെന്റർ നടപടികൾ എല്ലാംതന്നെ സുതാര്യമായ രീതിയിൽ എല്ലാ നിയമ നടപടികളും പൂർത്തീകരിച്ചുകൊണ്ട് എളുപ്പത്തിൽ നടപ്പിലാക്കാനുള്ള ഒരു സംവിധാനം ഗവൺമെന്റ് നിലവാരത്തിൽ സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇതിൽ ഒന്ന്, എ.എസ്. നൽകലാണ്. ഒരുകാലത്തും ഇത്ര റെക്കാർഡ് വേഗത്തിൽ ഭരണാനുമതി നൽകിയിട്ടില്ല. നമ്മൾ ഒരു വർഷം കൊണ്ട് ഏതാണ്ട് 3000-ത്തോളം വർക്കുകൾക്കാണ് ഭരണാനുമതി നൽകിയത്. രണ്ട്, ടി.എസ്. നല്കുന്നതിലും കാലതാമസമില്ല. ചിലതിനൊഴികെ, കെട്ടിടം അല്ലെങ്കിൽ പാലത്തിന്റെ ആർക്കിടെക്ച്ചറൽ ഡിസൈനും മറ്റും നമ്മൾ തന്നെ തയ്യാറാക്കുന്നതിന് പരിമിതികളുണ്ട്. മൂന്നാമത്തേത് ടെന്ററാണ്. അവിടെയാണ് പ്രശ്നം വരുന്നത്. ടെന്റർ നടപടികളുടെ ദൈർഘ്യം തന്നെ കൂടുതലാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചത് എനിക്ക് മനസ്സിലായി. പക്ഷേ ടെന്റർ എക്സ്സസ് ഇത്രയും വന്നാൽ അനുവദിക്കില്ല. കേരളത്തിൽ ഇതിൽ വലിയ ഒത്തുകളി നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

3 കാര്യങ്ങൾ ഇപ്പോൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഒന്ന്, ടെന്റർ നടപടിക ളുടെ ദൈർഘ്യം കുറയ്ക്കുന്നതിന് ചില തീരുമാനങ്ങളെടുക്കേണ്ടിവരും. രണ്ട്, ഇ-ടെന്ററിംഗിലേക്ക് പോകേണ്ടിവരും. മൂന്ന്, ഇ-ടെന്ററിംഗിൽ കാലതാമസ്സം വരുന്നതുകൊണ്ട് ഒരൊറ്റ ഓഫീസിൽ പോയിട്ട് എല്ലാവരും ആ വർക്കിന്റെ ടെന്റർ ഫോം വാങ്ങിച്ചുകൊള്ളണമെന്ന നില വിട്ടിട്ട് ആ ഡിവിഷനിലെ ഏത് ഓഫീസിൽപോയാലും വാങ്ങിക്കാൻ പറ്റുമെന്ന സ്ഥിതി വന്നുകഴിഞ്ഞാൽ ആര് എവിടെനിന്ന് എന്ത് വാങ്ങിച്ചുവെങ്കിലും അത് അറിയാതിരിക്കാൻ പറ്റും. അത് അടിയന്തരമായി നടപ്പാക്കുന്നതാണ്.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : സർ, വിഷൻ 2010-ന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക സംവിധാനങ്ങൾ ജില്ലാതലത്തിൽ ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ; അതിന്റെ മോണി ട്ടറിംഗിനുവേണ്ടി പ്രത്യേക കമ്മിറ്റികൾ ജില്ലാതലത്തിൽ ഉണ്ടാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഞാൻ നേരത്തെ ഉത്തരത്തിൽ പറഞ്ഞു. വിഷൻ-2010-ന്റെ പ്രവൃത്തികളിൽ കെട്ടിടങ്ങൾ, പാലങ്ങൾ, ഇറിഗേ ഷൻ ഒഴികെ ബാക്കിയെല്ലാം നല്ല പുരോഗതിയിലാണ്. മിക്കവാറും പണികൾ തീർത്തിട്ടുണ്ട്. പക്ഷേ നമുക്ക് സമിതികൾ ഉണ്ടാക്കലല്ല. ഇപ്പോൾ എം.എൽ.എ. മാരും ഉദ്യോഗസ്ഥരും പങ്കെടുത്ത് എല്ലാ ജില്ലകളുടെയും പദ്ധതികൾ റിവ്യു ചെയ്യും. ഇത് ഒറ്റത്തവണയല്ല. ഇടയ്ക്കിടയ്ക്ക് ഇത്തരത്തിലുള്ള റിവ്യു മിനിസ്റ്ററും എം.എൽ.എ. മാരും കൂടി പങ്കെടുത്ത് നടത്തിക്കഴിഞ്ഞാൽ ഇതൊക്കെ സമയബന്ധിതമായി നീങ്ങുമെന്ന് ഉറപ്പാണ്. എം.എൽ.എ. മാർക്ക് ഇതിന്റെ നടത്തിപ്പിൽ, മേൽനോട്ടത്തിൽ ഒരു റോൾ കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, വിഷൻ-2010 മുന്നോട്ടു വയ്ക്കുന്ന ഒരു കാഴ്ചപ്പാട് വളരെ ശ്രദ്ധേയമാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ശ്രദ്ധേയമായ വികസന പദ്ധതി തന്നെയാണ് അങ്ങ് പ്രഖ്യാപിച്ചത്. 2007-08 വർഷത്തിൽ ഒട്ടേറെ പൊതുമരാമത്ത് ജോലികൾ നടക്കുകയും ചെയ്തു. ഇക്കാര്യത്തിൽ എന്റെ ഒരു വിമർശനം, ഞാൻ 2008-09 വർഷത്തെ വിഷൻ-2010 പദ്ധതിയനുസരിച്ച് പ്രൊപ്പോസ് ചെയ്തത് ഒരു കാർഷിക വിക സന പദ്ധതിയാണ്. എന്റെ മണ്ഡലത്തിലെ പുന്നയൂർക്കുളം-തരൂർ-കോൾപ്പട വിൽ ഒരു സ്ഥിരം ബണ്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് ഞാൻ പ്രൊപ്പോസ് ചെയ്തത്. പക്ഷേ ഭൗർഭാഗ്യവശാൽ ഇതുവരെ എനിക്കതിന് എ.എസ്. ലഭിച്ചിട്ടില്ല. പൊതുമരാമത്ത് ജോലികൾക്ക് നൽകുന്ന ഒരു പ്രാമുഖ്യം കാർഷിക വികസന പദ്ധതികൾക്ക് നൽകുന്നില്ല എന്ന ഒരു വിമർശനം എനിക്കുണ്ട്. ആ കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, എന്റെ ശ്രദ്ധയിൽ ഇത് വന്നിട്ടില്ല. ഒരു കോടി രൂപ എല്ലാവർക്കും തരുമെന്ന് പറഞ്ഞിട്ട് എങ്ങനെയാണ് ഇത് വിട്ടുപോയത് എന്നുള്ളത് എനിക്കുതന്നെ വലിയ വിസ്മയം തോന്നുന്നു. അത് പരിശോധിച്ചിട്ട് അങ്ങനെ പോരായ്മയുണ്ടെങ്കിൽ പരിഹരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, പി.ഡബ്ല്യു.ഡി.യുടെ പ്രവർത്തനം വളരെ കാര്യക്ഷമമായിട്ടുണ്ട്. അവിടവിടെ ചില വീഴ്ചകളൊക്കെയുണ്ട്. കോൺട്രാക്ടർമാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്ന പ്രോസസ്സ് ശരിയല്ല എന്ന് എനിക്ക് തോന്നുന്നു. എന്റെ മണ്ഡലത്തിൽത്തന്നെ വിഷൻ 2010-ൽ എടുത്തിരിക്കുന്ന ഒരു പണി ഗ്രേസി മെമ്മോറിയൽ റോഡാണ്. ഞാൻ എല്ലാ റോഡുകളും മോണിട്ടർ ചെയ്യുന്ന ആളായതുകൊണ്ട് പറയുകയാണ്. ഫെബ്രുവരി മാസത്തിൽ തീരേണ്ട പണിയായിരുന്നു. ഇതുവരെ ആ കോൺട്രാക്ടർ ഒരുപണിയും ചെയ്തിട്ടില്ല. അദ്ദേഹത്തിന് ഇപ്പോൾ ടെണ്ടർ വിളിച്ചപ്പോൾ ഒരു പണി കൂടി കിട്ടിയിട്ടുണ്ട്. അങ്ങ് ഈ ഫെബ്രുവരി മാസത്തിൽത്തന്നെ ഈ കോൺട്രാക്ടറെ ബ്ലാക്ക് ലിസ്റ്റ് ചെയ്തിരുന്നുവെങ്കിൽ അടുത്ത ഒരു പണിയും കൂടി അദ്ദേഹത്തിന് കിട്ടില്ലായിരുന്നു, ഉഴപ്പുകയുമില്ലായിരുന്നു. അതിന് നടപടി എടുക്കുമോ ?

ഡോ. തോമസ് ഐസക് : സർ, എഗ്രിമെന്റ് ടൈം കഴിഞ്ഞ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന എല്ലാ പ്രവൃത്തികളുടെയും ലിസ്റ്റ് തരുന്നതിന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ എക്സ്റ്റൻഷൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അവർക്കൊക്കെ ഫൈനോടു കൂടിയ നോട്ടീസ് കൊടുക്കുന്നതാണ്. ഇനി എക്സ്റ്റൻഷൻ കൊടുക്കുന്നതല്ല. വർക്ക് ടെർമിനേറ്റ് ചെയ്ത് നഷ്ടപരിഹാരം ഈടാക്കാൻ പോകുകയാണ്. കേരളത്തിലെ പ്രശ്നം റിസ്ക് ആന്റ് കോസ്റ്റ് എന്ന് പറഞ്ഞ് ടെർമിനേറ്റ് ചെയ്യുമെങ്കിലും ഒരു കോൺട്രാക്ടറുടെ കൈയിൽനിന്നും ഇന്നേവരെ റിസ്കും കോസ്റ്റും വാങ്ങിച്ചിട്ടില്ല. അതുകൊണ്ട് കോൺട്രാക്ടർമാർക്ക് എന്തുമാകാം എന്ന ഒരു ഭാവത്തിലാണ്. ഇത് അവസാനിപ്പിക്കും.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, എന്റെ മണ്ഡലത്തിൽ 11 പഞ്ചായത്തുകളുണ്ട്. അതിലെല്ലാംകൂടി 165 വാർഡുകൾ ഉണ്ട്. എം.എൽ.എ. ഫണ്ട് ഓരോ വാർഡിലേയും ജനങ്ങളുടെ അവകാശമാണ് എന്നതാണ് ജനങ്ങളുടെ ധാരണ. ഒരു വാർഡിൽ 5 ലക്ഷം രൂപ വീതം കൊടുത്താൽ 825 ലക്ഷം രൂപ വേണ്ടി വരും. അഞ്ച് വർഷം ഒരു എം.എൽ.എ. യ്ക്ക് ലഭിക്കുന്ന തുക 375 ലക്ഷം രൂപയാണ്. ഈ ഒരു സാഹചര്യത്തിലാണ് വിഷൻ-2010 പോലുള്ള ഭാവനാപൂർണ്ണമായ പരിപാടികൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചത്. രണ്ട് വർക്കുകൾ എന്റെ മണ്ഡലത്തിലുണ്ടായിരുന്നു. അത് സമയബന്ധിതമായി പൂർത്തീകരിച്ചു. ഒന്നിന്റെ ഉദ്ഘാടനം കഴിഞ്ഞു. മറ്റേത് ഉദ്ഘാടനത്തിനുവേണ്ടി വച്ചിരിക്കുകയാണ്. ഇത് വലിയ ആശ്വാസവും അനുഗ്രഹവുമാണ്. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ ഇനിയും കൂടുതൽ അനുവദിക്കാൻ വേണ്ടി തയ്യാറാകുമോ ; അല്ലെങ്കിൽ എം.എൽ.എ. ഫണ്ടിലെങ്കിലും അൽപ്പം വർദ്ധനവ് വരുത്താൻ തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : സർ, ഈ വീതം വയ്പ് രാഷ്ട്രീയത്തോട് എനിക്ക് യോജിപ്പില്ല. നമ്മൾ അതിലൊരു മാറ്റം വരുത്തിയേ പറ്റൂ. കിട്ടുന്നത് വാർഡ് എണ്ണി തീരുമാനിച്ച് കൊടുക്കേണ്ട കാര്യമൊന്നുമില്ല. ഞാൻ എം.എൽ.എ. ഫണ്ടിനെക്കുറിച്ച് തർക്കത്തിനില്ല. പക്ഷേ എം.എൽ.എ. ഫണ്ടിന്റെ എത്രയോ മടങ്ങ്, ഓരോ മണ്ഡലത്തിലും മിനിമം 15 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

വർക്കില്ലേ ? എവിടെയെങ്കിലും കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ അത് കണ്ടു കഴിഞ്ഞാൽ തീർക്കും ; ഒരു സംശയവും വേണ്ട. ഏത് കാലത്ത് ഇങ്ങനെയുണ്ടായിട്ടുണ്ട് ?

ശ്രീ. പി. സി. ജോർജ് : സർ, പി.ഡബ്ല്യു.ഡിയാണ് വില വർദ്ധനവിന് ഒരു വശത്തുകൂടി സഹായം ചെയ്യുന്നത് എന്നാണ് എന്റെ അഭിപ്രായം. മന്ത്രിയായിട്ടിരിക്കുന്നവർ യാതൊരു മാനദണ്ഡവുമില്ലാതെ ഷെഡ്യൂൾ പുതുക്കൽ സൗകര്യപ്രദമായി ചെയ്യുന്ന പ്രവണത കണ്ടുവരികയാണ്. അതും ഒരു കച്ചവടമാണ്. എന്തിനാണ് ഒളിച്ചുവയ്ക്കുന്നത്? ഇവിടെ ധനകാര്യവകുപ്പു മന്ത്രി അറിഞ്ഞിരിക്കേണ്ട കാര്യമാണ്. ഷെഡ്യൂൾ പുതുക്കൽ ഒരു കച്ചവട മാണ്. ഷെഡ്യൂൾ പുതുക്കലാണ് റോഡുകളുടെപ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്നത് ഒരു ലക്ഷം രൂപ കൊടുത്താൽ 35 മീറ്റർ റോഡാണ് എം.എൽ.എ ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യാൻ പറ്റുന്നത് അല്ലെങ്കിൽ ടാർ ചെയ്യാൻ പറ്റുന്നത്. എങ്ങനെ മുന്നോട്ടുപോകാൻ പറ്റും. അപ്പോൾ ഷെഡ്യൂൾ പുതുക്കുന്ന കാര്യത്തിൽ ഒരു പ്രത്യേക മാനദണ്ഡം സ്വീകരിച്ച് നിലവിലുള്ളത് എന്താണെന്ന് മനസ്സിലാക്കി അങ്ങ് ഇക്കാര്യത്തിൽ നേരിട്ട് ഇടപെടണം. എനിക്ക് ഒരുത്തരേയും വിശ്വാസമില്ല അതുകൊണ്ടാണ് അങ്ങയോട് പറയുന്നത്. ഇക്കാര്യത്തിൽ നേരിട്ട് ഇടപെട്ട് ഒരു നടപടി സ്വീകരിച്ച് നീതിപൂർവ്വമായ ഒരു സമീപനം സ്വീകരിക്കാൻ തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : സർ, 2010-ലെ പുതിയ റേറ്റ് നിലവിൽ വന്നുകഴിഞ്ഞു. ഇനി ചെയ്യാൻ പോകുന്നത്, ഈ റേറ്റിന്റെ മേലേ ടെണ്ടർ എക്സസ് ഇല്ല റോഡ് പണിക്ക്. ടെണ്ടർ എക്സസ് വന്നാൽ റീ-ടെണ്ടർ ചെയ്യാം. സർക്കാരിന്റെ പ്രത്യേക അനുവാദം വേണ്ട. അതിന്റെ ഉത്തരവ് ഇന്നിറങ്ങും.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, പി.ഡബ്ല്യു.ഡി. യിലെ വലിയ ഒരു പ്രശ്നം ഇന്റർ സെക്ഷൻ കോ-ഓർഡിനേഷൻ വേണ്ട രീതിയിൽ ഇല്ല എന്നുള്ളതാണ്. ചീഫ് എഞ്ചിനീയറുടെ ഓഫീസും ചീഫ് ആർക്കിടെക്ടിന്റെ ഓഫീസും 'ഡ്രിക്'-ന്റെ ഓഫീസുമായി കോ-ഓർഡിനേഷൻ വളരെ കുറവാണ്. അതുകൊണ്ട്തന്നെ പല പ്രോജക്ടുകളും വളരെ വളരെ നീണ്ടുപോകുകയാണ്. ഈ ഇന്റർനെറ്റ് യുഗത്തിൽ ഇവയെ എല്ലാം ഒരു ലാൻ സിസ്റ്റത്തിൽ ലിങ്ക് ചെയ്തിട്ടുണ്ടെങ്കിൽ കാര്യങ്ങൾ പെട്ടെന്ന് നടക്കും. അതുപോലെതന്നെ ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് പ്രിപ്പയർ ചെയ്യുന്നത് ഇന്നും നമ്മുടെ ഓഫീസുകളിൽ മാനുവലായിട്ടാണ്. അവിടെയൊരു സോഫ്റ്റ്വെയർ ഇല്ല. ഇത് പരിഹരിക്കാൻ സർക്കാർ മുന്നോട്ടുവരുമോ ?

ഡോ. തോമസ് ഐസക് : സർ, അങ്ങ് പറഞ്ഞത് നിശ്ചയമായും ചെയ്യേണ്ട കാര്യമാണ്. ഇന്നലെത്തന്നെ ഇടുക്കി ജില്ലയുടെ റിവ്യൂ നടന്നപ്പോൾ അവിടത്തെ ഒരു എഞ്ചിനീയർ ചോദിച്ചു എസ്റ്റിമേറ്റൊക്കെ ഇനി ഇ-മെയിലിൽ അയച്ചാൽ പോരേ, കടലാസ്സിൽത്തന്നെ കൊണ്ട് ഹാജരാക്കേണ്ടതുണ്ടോ എന്ന്. അങ്ങ് പറഞ്ഞതുപോലെ എസ്റ്റിമേറ്റുണ്ടാക്കുന്നത് ഓരോന്നും മാനുവലായിട്ട് ചെയ്യേണ്ട കാര്യമില്ല. സോഫറ്റ് വെയർ ഉണ്ടെങ്കിൽ അപ്രോപ്രിയേറ്റായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

പെട്ടെന്ന് ചെയ്യാവുന്ന കാര്യമാണ്. ആർക്കിടെക്റ്റിന്റെ ഓഫീസിൽ ഇത്രയും കാലതാമസം വരാൻ കാരണം വേണ്ടത്ര ഉദ്യോഗസ്ഥരില്ല, എക്വിപ്മെന്റ്സ് ഇല്ല എന്നുള്ളതുകൊണ്ടാണ് ഇപ്പോൾ ഇ-മെയിൽ വഴി കൊടുക്കണമെന്ന് പറഞ്ഞാൽ എല്ലാ എൻജിനീയർമാർക്കും കമ്പ്യൂട്ടറോ ലാപ്ടോപ്പോ വേണം. ഇതിന്റെ ഭാഗമായി എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും ലാപ്ടോപ്പോ കമ്പ്യൂട്ടറോ നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കും.

ശ്രീ. എം. മുരളി : സർ, വിഷൻ-2010 2007-ലും 2008-ലുമായി രണ്ട് വർഷങ്ങളിലായിട്ടാണ് അങ്ങ് അനുവദിച്ചത്. അത് പി.ഡബ്ല്യു.ഡി വർക്കുകളും ഇറിഗേഷൻ വർക്കുകളുമുണ്ട്. തുടർന്ന് 2009-ൽ സ്റ്റിമുലസ് പാക്കേജും വന്നു. 15 കോടി രൂപയുടെ വർക്കും വന്നു. ഈ രണ്ട് വർക്കുകൾക്കും വന്നിരിക്കുന്ന ഒരു പ്രതിസന്ധി, ഏറ്റവും ഒടുവിൽ കൊടുത്തിരിക്കുന്ന ഉത്തരവ് അനുസരിച്ചാണെങ്കിൽ ഇപ്പോൾ പാലങ്ങളുടെ പണി ആരംഭിക്കാൻ പറ്റുകയില്ല. കാരണം എനിക്ക് ഒരു അപ്രോച്ച് റോഡുള്ള പാലമുണ്ട് മറ്റേ സ്ഥലത്തെ അപ്രോച്ച് റോഡ് അക്വിസിഷനിലൂടെയോ അല്ലെങ്കിൽ പൊന്നും വിലയ്ക്കോ മറ്റു നടപടികളിലൂടെയേ എടുക്കാൻ പറ്റുകയുള്ളൂ. എന്റെ ഈ കാലഘട്ടത്തിലോ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലോ അത് ആരംഭിക്കാൻ പോലും കഴിയില്ല. അതുകൊണ്ട് ആ വ്യവസ്ഥകൾ പ്രായോഗികമാക്കാൻ, ഉദാരമാക്കാൻ വേണ്ടി ഇപ്പോഴത്തെ ഉത്തരവിൽ വേണ്ട ഭേദഗതികൾ വരുത്തുമോ?

ഡോ. തോമസ് ഐസക് : അത് പരിശോധിക്കാം

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വിഷൻ 2010-ൽ ഉൾപ്പെടുത്തി ആരംഭിച്ച വർക്കുകളൊക്കെ വളരെ പെട്ടെന്ന് നടന്നുകൊണ്ടിരിക്കുകയാണ്. വിഷൻ 2010-ലെ വർക്കുകൾ തരുന്ന സമയത്ത് അങ്ങ് പറഞ്ഞ ഒരു കാര്യം ഈ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തികരിച്ചാൽ അടുത്ത പ്രവൃത്തിക്കുള്ള പണം തരുമെന്നാണ്. എന്റെ മണ്ഡലത്തിലെ വിഷൻ 2010-ൽ ഉൾപ്പെട്ടിരിക്കുന്ന ഒരു പ്രവൃത്തി ആഗസ്റ്റ് മാസം പൂർത്തികരിക്കാൻ പോകുകയാണ്. അത് പൂർത്തീകരിച്ച് കഴിഞ്ഞാൽ അങ്ങ് അടുത്ത പദ്ധതി എന്നേയ്ക്ക് തരാൻ തയ്യാറാകും ?

ഡോ. തോമസ് ഐസക് : ആദ്യം പേടിച്ചാണ് നമ്മൾ ഒരു കോടി രൂപ അഡ്മിഷണലായി അനുവദിച്ചത്. അതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ രണ്ടുകോടി രൂപ അനുവദിച്ചു. മൂന്നാമത്തേത് ഉടനെ തരുമെന്ന് വച്ചാൽ 15 കോടിയുടെ മിനിമം വർക്കാണ് നടക്കുന്നത്. നമ്മൾ ഒരു കാലത്തും ഇല്ലാത്തവണ്ണം നിർമ്മാണ പ്രവൃത്തികൾ സ്കെയിൽ അപ് ചെയ്തിരിക്കുകയാണ്. ഒരു കോടി, രണ്ടുകോടി, ഇപ്പോൾ മിനിമം 15 കോടി രൂപ.

ശ്രീ. റ്റി. യു. കുരുവിള : സർ, വിഷൻ 2010 അനുസരിച്ച് എനിക്ക് അനുവദിച്ച ഒരു കോടി രൂപ കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനത്തിനുവേണ്ടിയായിരുന്നു ഞാൻ എഴുതികൊടുത്തത്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

അത് അനുവദിക്കാൻ പറ്റില്ല എന്നാണ് എനിക്ക് കിട്ടിയ മറുപടി. അത് ഇപ്രാവശ്യമെങ്കിലും അനുവദിച്ചുതരുമോ?

ഡോ. തോമസ് ഐസക്: സർ, എന്താണ് കാര്യമെന്നുള്ളത് പരിശോധിക്കാം. പക്ഷേ മൂന്ന് വർഷം മുമ്പ് തുടങ്ങിയ ഒരു സ്കീമിൽ ഇന്നിപ്പോൾ പുതിയ ഒരു പ്രൊപ്പോസൽ വന്നുകഴിഞ്ഞാൽ ആ സ്കീമും കഴിഞ്ഞ് ഇപ്പോൾ സ്റ്റിമുലസ് പാക്കേജും കഴിഞ്ഞ് നിൽക്കുന്ന സമയത്ത് നിരന്തരമായി സ്പെഷ്യൽ ഓർഡർ പഴയതിന് കൊടുത്തുകൊണ്ടിരിക്കുക ബുദ്ധിമുട്ടാണ്. അതുകൊണ്ടാണോ വേറെ എന്തെങ്കിലും കാരണം കൊണ്ടാണോ എന്നുള്ളത് പരിശോധിക്കാം.

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, പി.ഡബ്ല്യു.ഡി.യുടെ വർക്ക് പൊതുവേ നോക്കുകയാണെങ്കിൽ ഷെഡ്യൂളുകളെല്ലാം അപ്-ടു-ഡേറ്റായി പുതുക്കിക്കൊണ്ടിരിക്കുന്നു. കുടിശ്ശികകളെല്ലാം കൃത്യമായി ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ വളരെ ട്രാൻസ്പേരന്റായി എല്ലാ ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടുകൂടി റിവ്യൂ നടത്തുന്നു. ആ രൂപത്തിൽ ഒരു വലിയ പുരോഗതി തന്നെ പൊതുമരാമത്ത് വകുപ്പിന്റെ ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച വിധത്തിൽ നേരത്തെ നിശ്ചയിക്കപ്പെട്ട ഒരുപാട് വർക്കുകൾ പൂർത്തിയാക്കപ്പെടാതെ കിടക്കുന്നു. ഇതിന് പല കാരണങ്ങളാണ്. അതൊന്ന് പരിശോധിച്ച് പഴയ വർക്കുകൾ, കെട്ടിക്കിടക്കുന്ന വർക്കുകൾ എന്തുകൊണ്ടാണ് പൂർത്തീകരിക്കപ്പെടാതെ പോകുന്നത് എന്നത് സംബന്ധിച്ച് പരിശോധിക്കാനും അവ പെട്ടെന്ന് തന്നെ പൂർത്തിയാക്കാനും പ്രത്യേകമായ ഒരു പദ്ധതി ആലോചിക്കുമോ?

ഡോ. തോമസ് ഐസക്: സർ, നിശ്ചയമായിട്ടും. അതിനാണ് വളരെ മുൻഗണന നൽകുന്നത്. ഉദാഹരണത്തിന് പകുതി പണി തീർന്ന മുഴുവൻ പാലങ്ങളും റീടെണ്ടർ ചെയ്യുന്നതിന് കഴിഞ്ഞ വർഷം അനുവാദം കൊടുത്തു. ഇതുപോലെ ഇപ്പോൾ ജില്ലാതല റിവ്യൂ നടക്കുമ്പോൾ ഇങ്ങനെ പണിതീരാതെ കിടക്കുന്ന കാര്യങ്ങൾക്കൊക്കെ പുതിയ സമയം നിശ്ചയിച്ചിട്ടുണ്ട്. ആ സമയത്തിനുള്ളിൽ പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കും. തീരാത്തത് ടെർമിനേറ്റ് ചെയ്ത് റിസ്കും കോസ്റ്റും കളക്ട് ചെയ്യും. അല്ലെങ്കിൽ ഫൈനോടുകൂടിയുള്ള നോട്ടീസ് വരുമെന്ന് ബോധ്യപ്പെടുകഴിഞ്ഞാൽ ഇന്നത്തെ ഈ അരാജകത്വം അവസാനിക്കും.

ശ്രീ. ബി. ബാബു പ്രസാദ്: സർ, വിഷൻ 2010-ന്റെ കാര്യം ഞാൻ ഇവിടെ സബ്മിഷൻ അവതരിപ്പിച്ചതാണ്. അതിന് അങ്ങ് മറുപടിയും പറഞ്ഞതാണ്, എൻജിനീയർമാരുടെ ഓഫീസിൽ സ്കാനർ വയ്ക്കുന്നതിനെക്കുറിച്ച് അങ്ങ് നേരത്തെപറഞ്ഞു. സാറിന് ഇതിനകത്ത് ഒരു കൺവിക്ഷൻ ഉണ്ടെന്ന് എനിക്ക് മനസ്സിലായതുകൊണ്ട് ഞാൻ പറയുകയാണ്. ഏതെങ്കിലും ഒരു ടെണ്ടർ വിളിച്ചുകഴിഞ്ഞാൽ ഒരു സംഘം കോൺട്രാക്ടർമാർ വരും. അവർ ഒരു വിഷ്യസ് സർക്കിളിലാണ്. അവർ തമ്മിൽ ഇന്റേണലായി

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന ഒരു അറേൻജുമെന്റിന്റെ ഭാഗമായി ഒരാളിന് ഈ വർക്ക് കൊടുക്കുകയാണ്. അല്ലാതെ ഇതിന്റെ നടപടിക്രമമനുസ്സരിച്ചല്ല ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. അത് അവസാനിപ്പിച്ച് ഇത് സുതാര്യമാക്കി ഓരോ ടെണ്ടറിന്റേയും ക്വാട്ടിംഗിന്റെ തുകയനുസരിച്ചുതന്നെ ഇത് സത്യസന്ധമായി നടത്തുന്നതിന് ആധുനികമായ സ്കാനറോ അങ്ങനെ എന്തെങ്കിലും ഒരു സംവിധാനം വയ്ക്കാൻ കഴിയുമോ ?

ഡോ. തോമസ് ഐസക് : സർ, സ്കാനർ വേണ്ട. ഇപ്പോൾ പാച്ച് വർക്കിന്റെ വർക്കുകളുടെ ടെണ്ടർ നടപടി എല്ലാ ജില്ലകളിലും തുടർന്ന് കൊണ്ടിരിക്കുകയാണ്. എത്ര സ്ഥലത്തുനിന്ന് ആളിനെ വിളിക്കുകയാണെന്ന് അറിയാമോ ? ഇവിടെ പൈസ കൈമാറിക്കൊണ്ടിരിക്കുകയാണ്. കരുനാഗപ്പള്ളിയിൽ നിന്ന് മൂന്ന്നാല് ഫോൺ കാൾ വന്നു. ഇത് ശരിയാണോയെന്ന് അറിയില്ല. തുകയൊന്നും ഞാൻ പറയുന്നില്ല. ഇങ്ങനെ ആളുകൾ വിളിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ നാട്ടുകാർക്കറിയാം. ഒരു കാര്യം തീരുമാനിച്ചിട്ടുണ്ട്. പുതിയ റേറ്റിലാണെങ്കിൽ പാച്ച് വർക്കിന് എക്സസില്ല. പഴയതാണെങ്കിൽ നാലോ അഞ്ചോ ശതമാനം. അവിടെ നിർത്തും. റീടെണ്ടർ ചെയ്യാം. ഇങ്ങനെയുള്ള വെട്ടിപ്പിന് കൂട്ട് നിൽക്കുന്ന പ്രശ്നമില്ല.

ശ്രീമതി കെ. എസ്. സലീഖ : സർ, വികസന രംഗത്ത് നമ്മുടെ നാട്ടിൽ തുടർന്നുകൊണ്ടിരിക്കുന്ന യാന്ത്രികമായ ഒരു സംവിധാനമുണ്ട്. ബഡ്ജറ്റിലൂടെ പണം അനുവദിക്കൽ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടുന്ന സഹായങ്ങൾ. അതിനപ്പുറം ഈ കാലഘട്ടത്തിൽ വികസനത്തിന് ഒരു പ്രത്യേക ആധുനിക മുഖംതന്നെ നൽകിക്കൊണ്ട് മലബാർ പാക്കേജ്, അതുപോലെതന്നെ സ്റ്റിമുലസ് പാക്കേജ്, വിഷൻ 2010 എന്നീ പേരുകളിൽ നമ്മുടെ നാട്ടിൽ ഈ കാലഘട്ടത്തിൽ നിരവധി വികസന പ്രവർത്തികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത്. എന്റെ മണ്ഡലത്തിൽതന്നെ വിഷൻ 2010-ന്റെ ഭാഗമായി 2,15,00,000 രൂപയാണ് കിട്ടിയത്. സമയബന്ധിതമായി അത് പൂർത്തിയാക്കാൻ കഴിഞ്ഞു എന്നത് ഞാൻ അഭിമാനത്തോടുകൂടി കാണുകയാണ്. അതുകൊണ്ടുതന്നെ ഇത്തരം പുതിയ നാമകരണങ്ങളിലൂടെ കൂടുതൽ വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടപ്പാക്കുന്നതിന് ഇനിയും പദ്ധതികൾ ആവിഷ്ക്കരിക്കുമോ? അതൊടൊപ്പം തന്നെ 15 കോടി രൂപ കൊടുത്തു എന്ന് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചത്, ലഭ്യമാകാത്ത മണ്ഡലങ്ങളിൽ കൊടുക്കുന്നതിനുള്ള സംവിധാനം കൂടി ഇതിന്റെ ഭാഗമായി പൂർത്തീകരിക്കുമോ ?

ഡോ. തോമസ് ഐസക്: സർ, ശ്രീമതി കെ. എസ്. സലീഖയ്ക്ക് 15 കോടി രൂപ കിട്ടിയില്ലേ ? ഇത് സഭയിലെ അഷ്ടൻസാണ്. തീർച്ചയായിട്ടും ഈ കുറവ് പരിഹരിക്കും. അങ്ങനെ ഏതെങ്കിലും ഒരു മണ്ഡലത്തിൽ 15 കോടി രൂപ ലഭിച്ചിട്ടില്ലെങ്കിൽ ആ കുറവ് പരിഹരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഇവിടെ കരാറുകാർ തമ്മിലുള്ള ഒത്തുകളിയെക്കുറിച്ചാണ് പറഞ്ഞത്. അതേസമയത്ത് കരാറുകാർ തമ്മിലുള്ള കേസുകൾ കാരണം പലപ്പോഴും പല പദ്ധതികളും വൈകുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ തന്നെ തിരൂർ-കടലുണ്ടി റോഡിന്റേത് ഏകദേശം 5 കോടിയോളം രൂപയുടെ പ്രവൃത്തിയാണ്. ഈ പ്രവൃത്തിയിൽ രണ്ട് കരാറുകാർ കോടതിയിൽ പോയതിനാൽ ആ പ്രവൃത്തി അനന്തമായി നീളുകയാണ്. അതുപോലെതന്നെ മഞ്ഞാമാട് എന്നുപറയുന്ന പാലം വാർത്തു കഴിഞ്ഞു. ഇതിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യം വന്ന സമയത്ത് അത് കോടതിയിൽ എത്തി. അവസാനം സ്ഥലം വിട്ടുതരില്ല എന്ന് ഒരാൾ പറയുകയാണ്. ഇത്തരം വിഷയങ്ങളിലൊക്കെ നിയമപരമായി എത്രയും പെട്ടെന്ന് ഇടപെടുന്നതിന് അഭിഭാഷകന്മാർക്ക് നിർദ്ദേശം കൊടുക്കാനുള്ള എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, അത് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ വളരെ ജാഗ്രതയോടെ പ്രവർത്തിക്കും. ഇതുപോലുള്ള കാര്യങ്ങൾ സഭയിൽ പറഞ്ഞതിനും ചില ഗുണങ്ങളുണ്ട്. ഇവിടെ എട്ട് എം.എൽ.എ. മാർ അവരുടെ മണ്ഡലത്തിലെ പ്രവൃത്തികൾ, ചന്ദ്രഗരി കൺസ്ട്രക്ഷൻസ് കേസ് കൊടുത്തതിന്റെ ഫലമായി നിർത്തിവച്ചതിനെക്കുറിച്ച് പരാതിപ്പെടുകയുണ്ടായി. ഞാൻ സഭയിൽ അതിനെക്കുറിച്ച് പ്രതികരിക്കുകയും ചെയ്തു. പിറ്റേന്ന് കോൺട്രാക്ടർ വന്ന് കേസ് പിൻവലിക്കാമെന്ന് പറഞ്ഞു.

ശ്രീമതി ജെ. അരുന്ധതി : സർ, എല്ലാ മണ്ഡലങ്ങളിലും 15 കോടി രൂപയുടെ പ്രവർത്തികൾ നല്ല രീതിയിൽ നടക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്റെ മണ്ഡലത്തിലും അതുപോലെ നടക്കുന്നുണ്ട്. എനിക്ക് ഇവിടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് എ.എസ്. കിട്ടിയ വർക്കുകൾ ടെണ്ടർ നടപടിയിലേക്ക് എത്തുന്നതുവരെയുള്ള ഒരു വലിയ കാലതാമസം നമ്മുടെ ഓഫീസുകളിൽ നടക്കുന്നുണ്ട്. അത് ഒഴിവാക്കാനായി പഴയ രീതിയിലുള്ള പ്രൊസിജ്യൂവർ മാറ്റിക്കൊണ്ട് വളരെ എളുപ്പത്തിൽ നമുക്ക് ഈ നടപടിയിലേയ്ക്ക് എത്തിച്ചേരുവാൻ ആവശ്യമായിട്ടുള്ള ഒരു പുതിയ പി.ഡബ്ല്യൂ.ഡി. പ്രൊസീജ്യൂവർ കോഡ്, തയ്യാറാക്കുവാൻ അങ്ങ് തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : സർ, പി.ഡബ്ല്യൂ.ഡി. മാന്വൽ തയ്യാറാക്കൽ അതിന്റെ അവസാനഘട്ടത്തിലാണ്. ഇതിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചില കാര്യങ്ങൾ കൂടി കൂട്ടിച്ചേർക്കണമെന്ന് എനിക്ക് താൽപര്യമുണ്ട്. അതുകഴിഞ്ഞാൽ പുതിയ പി.ഡബ്ല്യൂ.ഡി മാന്വൽ നമുക്ക് പ്രസിദ്ധീകരിക്കാം.

ശ്രീ. വർക്കല കഹാർ : സർ, 2008-09-ൽ നടന്ന കാര്യം അങ്ങ് പറഞ്ഞു. എം.എൽ.എ. മാർക്ക് മണ്ഡലത്തിൽ വികസന പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള 15 കോടി രൂപ വിഷൻ 2010-ൽ വരുന്നതല്ല. 2010-ലെ വികസന പദ്ധതി എന്ന് പറയുമ്പോൾ ഇനിയും വിഷൻ 2010-ൽ വർക്ക് സജസ്റ്റ് ചെയ്യാവുന്ന രീതിയിലുള്ള വികസന പദ്ധതികൾ കൂടി അങ്ങയുടെ ഭാവനയിലുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, ഇല്ല. നമുക്ക് അത്യാവശ്യമുള്ള കൂടുതൽ വർക്ക് വേണമെങ്കിൽ വേറെ നോക്കാം. 2009-ൽ പറഞ്ഞത് പ്രകാരം 2010-ൽ നൽകാമെന്ന് പറയുന്നത് ഒരുപാട് പ്രയാസങ്ങളും പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് അത് തീർന്നു. അതിൽ എന്തെങ്കിലും പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. നമുക്ക് വേറെ നൽകാം. അതിൽപ്പെടുത്തി വേണ്ട.

ശ്രീ. സി. കെ. സദാശിവൻ : സർ, എ. എസ്. ലഭിക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തികൾ വർഷങ്ങൾ കഴിഞ്ഞാലും ടെണ്ടർ ചെയ്ത് നിർമ്മാണം നടത്താൻ കഴിയാത്ത അവസ്ഥയാണ്. പി.ഡബ്ല്യു.ഡി ആർക്കിടെക്ട് വിംഗിന്റെയും അതുപോലെതന്നെ ഡിസൈൻ വിംഗിന്റെയും അനാസ്ഥയാണ് ഇതിന് പ്രധാനപ്പെട്ട കാരണം. എന്റെ മണ്ഡലത്തിലെ ഒരു കെട്ടിടത്തിന്റെ നിർമ്മാണത്തിനു ഡിസൈൻ കിട്ടുന്നതിനുവേണ്ടി വർഷങ്ങളായി ഞാൻ നടക്കുകയാണ്. ഈ പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരമുണ്ടാക്കാൻ അങ്ങ് തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : സർ, ഇങ്ങനെയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ഞാൻ ആ ഓഫീസ് സന്ദർശിച്ചു. അവിടത്തെ എക്യൂപ്മെൻസും കാര്യങ്ങളുമെല്ലാം മാറ്റി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. എങ്കിൽ തന്നെ അവർക്ക് മാത്രം ചെയ്യാൻ കഴിയുന്ന കാര്യമല്ല. അതുകൊണ്ട് ഇത് ഔട്ട് സോഴ്സ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള തടസ്സമെന്താണെന്നു വച്ചാൽ റേറ്റ് വളരെ താഴ്ന്നതായതുകൊണ്ട് ആരും എടുക്കാൻ തയ്യാറല്ല. അതുകൊണ്ട് റേറ്റും റിവൈസ് ചെയ്യും. അതോടുകൂടി ഇന്നുള്ള ഈ പ്രശ്നങ്ങൾ തീരും.

ശ്രീ. എം. എ. വാഹീദ് : സർ, വിഷൻ 2010 എന്റെ നിയോജകമണ്ഡലത്തിൽ 2010 ആകുന്നതിനുമുമ്പ് തീർന്നതാണ്. ലഭിച്ച പണം മുഴുവൻ ചെലവഴിച്ചു. അന്ന് സഭയിൽ അങ്ങ് പറഞ്ഞത്, എത്രയും പെട്ടെന്ന് ഈ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയാൽ ഉടൻതന്നെ വീണ്ടും തുക നൽകും. അതുകൊണ്ട് നല്ല സ്പീഡിലാണ് ഞാൻ ഈ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയത്. അതനുസരിച്ച് നല്ലരീതിയിൽ പണിയും പൂർത്തിയാക്കി. അടുത്തത് സമർപ്പിക്കുകയും ചെയ്തു. ഇതുവരെ അതിനുള്ള തുക കിട്ടിയിട്ടില്ല. നിർമ്മാണ പ്രവർത്തികൾ ഒരുപാട് നടക്കുന്ന സ്ഥലമാണ് എന്റെ നിയോജകമണ്ഡലം. കൂടാതെ വ്യാവസായികമായി വളർച്ച നടക്കുന്ന സ്ഥലവുമാണ്. വലിയ വണ്ടികളാണ് അവിടെ വരുന്നത്. റോഡുകൾ അത് താങ്ങുന്നില്ല. ഐ.ടി വികസനരംഗത്തും, വ്യവസായ വികസന മേഖലയിലുമുള്ള റോഡുകൾ സാധാരണ റോഡുകളുടെ നിലവാരത്തിൽ നിന്ന് ബി.എം.& എ.സിയോ ബി.എം. & ബി.സി.യോ ആക്കണം. വ്യവസായ വികസനം നടക്കുന്ന സ്ഥലത്തെ റോഡുകൾ കൂറ്റൻ ട്രക്കുകൾ താങ്ങുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, നമ്മുടെ റോഡുകളെല്ലാം ബി.എം. & ബി.സി.യിലേക്ക് മാറേണ്ടതുണ്ട്. ഏതിനാണ് മുൻഗണന നൽകേണ്ടത്, ഏതാണ് ആദ്യം തുടങ്ങേണ്ടത് എന്നുള്ളതിൽ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ ബി.എം. & ബി.സി. ആയിട്ട് മാറ്റും. കൃത്യമായിട്ടും വ്യവസായ മേഖലകൾക്ക്, വലിയ ട്രക്കുകൾ ഓടുന്ന റോഡുകൾക്ക് കൂടുതൽ പരിഗണന നൽകും.

വനവികാസ് ഏജൻസിയുടെ പ്രവർത്തനം

3 (*603) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വനവികാസ് ഏജൻസിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) ചെറുകിട വനവിഭവങ്ങൾ, ആദിവാസി ഉല്പന്നങ്ങൾ എന്നിവ ന്യായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് ഏജൻസി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) വനം വകുപ്പുമായി ബന്ധപ്പെട്ട പരിപാടികളിൽ വനവികാസ് ഏജൻസിയുടെ പ്രദർശന വിപണനമേളകൾ സംഘടിപ്പിക്കുമോ ;

(ഡി) ഓണക്കാലത്ത് ജില്ലാകേന്ദ്രങ്ങളിൽ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ,

(എ) ഫോറസ്റ്റ് ഡിവിഷൻ തലത്തിൽ വി.എസ്.എസ്. ഇ.ഡി.സി എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ദേശീയ വനവൽക്കരണ പദ്ധതിക്കുള്ള കേന്ദ്ര ഫണ്ട് നേരിട്ട് സ്വീകരിച്ച് പദ്ധതി നടപ്പാക്കുകയുമാണ് വന വികസന ഏജൻസിയുടെ പ്രധാന കർത്തവ്യം. കൂടാതെ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് തടിയിതര വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയും ഇക്കോടൂറിസ്സം പദ്ധതികളും നടപ്പാക്കുന്നുണ്ട്.

(ബി) മൂല്യവർദ്ധിത ചെറുകിട വനവിഭവങ്ങൾ, ആദിവാസി ഉല്പന്നങ്ങൾ എന്നിവ ഗുണമേൻമ ഉറപ്പുവരുത്തി പ്രകൃതി സൗഹൃദ പായ്ക്കിംഗിൽ, വനശ്രീ എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്നതിന് വന വികസന ഏജൻസികളുടെ കീഴിൽ ഇക്കോ ഷോപ്പുകൾ തുറന്നിട്ടുണ്ട്. കൂടാതെ വിവിധ പ്രദർശനങ്ങൾ, ഓണം മേള എന്നിവയോനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ വഴിയും മേൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly